"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പി.എം.എ.വൈ (നഗരം) ലൈഫ് - പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt)No.423/2022/LSGD തീയതി,തിരുവനന്തപുരം, 23-02-2022

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 43/2022/തസ്വഭവ തീയതി 07/01/2022

2. 16/02/2022 തീയതിയിലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 5476/എൻ/2015/KSHO നമ്പർ കുറിപ്പ്

**ഉത്തരവ്**

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) ലൈഫ് പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പുതിയ ഡി.പി. ആറുകൾ സമർപ്പിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട് എന്നും, ആയത് മാർച്ച് ആദ്യവാരത്തിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്ന സെൻട്രൽ സാങ്ഷനിങ് ആന്റ് മോണിറ്ററിങ് കമ്മിറ്റി (CSMC)ക്ക് മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ട് എന്നും, പ്രസ്തുത വിഷയം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച കുറിപ്പ് പ്രകാരം പി.എം.എ.വൈ. (നഗരം) - ലൈഫ് പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ട കരട് അർഹത ലിസ്റ്റിൽ നിന്നും ലൈഫ് മിഷൻ കുടുംബശ്രീക്ക് കൈമാറുന്ന മുറയ്ക്ക് പുനഃപരിശോധന നടത്തുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ കുടുംബശ്രീ പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട് എന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മേൽ സൂചന 2 ലെ കുറിപ്പ് പ്രകാരം അറിയിച്ചിട്ടുണ്ട്.

2. തുടർന്ന് 15/02/2022 ന് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ അധ്യക്ഷതയിൽ ചേർന്ന യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും നാളിതുവരെ അർഹത പരിശോധന പൂർത്തീകരിച്ച 22,078 ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷൻ കുടുംബശ്രീയ്ക്ക് കൈമാറുന്നതിനും, കുടുംബശ്രീ തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും മേൽ കുറിപ്പ് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം, ലൈഫ് മിഷൻ കൈമാറുന്ന കരട് ഗുണഭോക്തൃ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ പി.എം.എ.വൈ (നഗരം) ലൈഫ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് നഗരസഭകൾ പരിശോധിക്കേണ്ടതും, പ്രസ്തുത ഗുണഭോക്തൃ പട്ടിക കുടുംബശ്രീ ജീവനക്കാർ മുഖാന്തരം പരിശോധിച്ച് അർഹതാ മാനദണ്ഡ പ്രകാരമാണോയെന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. കൂടാതെ ടി ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭകളിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും, ആയതിന് സാവകാശമില്ലാത്ത പക്ഷം, സാധൂകരണത്തിന് (റാറ്റിഫിക്കേഷൻ) സമർപ്പിച്ചാൽ മതിയാകുമെന്നും നിർദ്ദേശിച്ചിരിക്കുന്നു. ടി പദ്ധതിക്കായി നഗരസഭകൾ വഹിക്കേണ്ട വിഹിതം പ്ലാൻ ഫണ്ട് / തനത് ഫണ്ടിൽ നിന്നോ

ലൈഫ് പദ്ധതിക്കായി KURDFC മുഖേന അനുവദിക്കുന്ന ഹഡ്കോ ലോൺ വിഹിതത്തിൽ നിന്നോ വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സൂചന 1 ലെ ഉത്തരവ് പ്രകാരം പ്രാഥമിക പരിശോധനയിൽ അർഹരായ മുഴുവൻ ഗുണഭോക്താക്കളുടേയും കരട് ലിസ്റ്റ് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പുനഃപരിശോധിച്ച് 2022 ഫെബ്രുവരി 28-നകം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കരട് പട്ടിക പ്രസിദ്ധീകരിക്കണം എന്നു തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന്റെ നടപടികൾ നടന്നുവരുന്ന സാഹചര്യത്തിൽ ലൈഫ് മിഷൻ കൈമാറുന്ന കരട് ഗുണഭോക്തൃ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ പി.എം.എ.വൈ. (നഗരം) ലൈഫ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് നഗരസഭകൾ പരിശോധിക്കേണ്ടതും, പ്രസ്തുത ഗുണഭോക്തൃ പട്ടിക കുടുംബശ്രീ ജീവനക്കാർ മുഖാന്തരം പരിശോധിച്ച് അർഹതാ മാനദണ്ഡ പ്രകാരമാണോയെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും, കൂടാതെ പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭകളിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും, ആയതിന് സാവകാശമില്ലാത്ത പക്ഷം, സാധൂകരണത്തിന് (റാറ്റിഫിക്കേഷൻ) സമർപ്പിച്ചാൽ മതിയാകുമെന്നും, ടി പദ്ധതിക്കായി നഗരസഭകൾ വഹിക്കേണ്ട വിഹിതം പ്ലാൻ ഫണ്ട്/തനത് ഫണ്ടിൽ നിന്നോ, ലൈഫ് പദ്ധതിക്കായി KURDFC മുഖേന അനുവദിക്കുന്ന ഹഡ്കോ ലോൺ വിഹിതത്തിൽ നിന്നോ വഹിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JOHN V SAMUEL I A S
DEPUTY SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ് :

ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസിന്
സെക്രട്ടറി (അർബൻ)യുടെ പി എയ്ക്ക്